പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി X
## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്**

2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

555/2020.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

# (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

# (2019-2021)

**ഘടന**

ചെയർമാൻ:

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. യു. ജനീഷ് കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന (എക്കോളജിയും എൻവയോൺമെന്റും, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്) ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥന, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന എന്നിവയിന്മേലുള്ള സബ്ജക്ട് കമ്മിറ്റി X-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മേയ് 28-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ടിൽ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആകെ 30 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ 22-7-2020-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2020 ജൂലൈ 22-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2020 ജൂലൈ 22.

# റിപ്പോർട്ട്

## അദ്ധ്യായം I

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2019-2021)-ന്റെ 2019-2020 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്.

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

### ശിപാർശ

3435-04-103-93

2018-2019 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആലപ്പുഴ അരൂരിലെ പൊതു മലിനജല ശുദ്ധീകരണ പ്ലാന്റിന് 5 കോടി രൂപ പ്രഖ്യാപിച്ച് ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയുണ്ടായെങ്കിലും പദ്ധതി തുക അനുവദിക്കുന്നതിന് വേണ്ടി ഭരണാനുമതി ലഭിക്കുന്നതിനുള്ള ശിപാർശ ഇപ്പോഴും ധനകാര്യവകുപ്പിന്റെ പരിഗണനയിലുള്ള ഈ പദ്ധതിക്ക് 2019-2020 വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

### സ്വീകരിച്ച നടപടി

അരൂർ-ചന്തിരൂർ മേഖലയിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ Accept Society രൂപീകരിക്കുകയും ചന്തിരൂർ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 2013-ൽ ഭരണാനുമതി നൽകുകയും 2016-17 വർഷത്തിൽ 3 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതിയുടെ നിലവിലെ സ്ഥിതി നാളിതുവരെ നടപ്പാക്കുവാൻ സാധിക്കാത്തതിന്റെ സാഹചര്യം കൂടാതെ Accept അനുവദിച്ച തുക നിക്ഷേപിച്ചിരുന്ന അക്കൗണ്ടിൽ പലിശ ലഭ്യമായതിന്റെ വിവരങ്ങൾ എന്നിവ Accept ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത സൊസൈറ്റിയെ പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരികയാണ്. പ്രസ്തുത പദ്ധതി നടപ്പാകാത്തതിനാൽ ടി തുക അനുവദിക്കേണ്ട സാഹചര്യമില്ല.

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ശിപാർശ

3435-03-101-99—ജൈവവൈവിധ്യസംരക്ഷണം

(i) ജൈവവൈവിധ്യ പരിപാലന സമിതികളുടെ ശാക്തീകരണവും പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സംരക്ഷണ കർമ്മ പരിപാടികളും

2018-19 സാമ്പത്തികവർഷത്തിൽ 40 ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി.) ശാക്തീകരണത്തിനായി 5 ലക്ഷം രൂപ വീതം നൽകുവാൻ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് 40 ജൈവവൈവിധ്യ പരിപാലന സമിതികളെ തെരഞ്ഞെടുക്കുകയും ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിരുന്നുവെങ്കിലും കേരളം നേരിട്ട മഹാപ്രളയത്തെ തുടർന്ന് പദ്ധതിയിനത്തിൽ അനുവദിച്ച വിഹിതം വെട്ടിക്കുറച്ചതിനാൽ ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ഈ തുക നൽകുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ 40 ബി.എം.സി. കൾക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് ആകെ 2 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ 60 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

തെരഞ്ഞെടുത്ത 40 ജൈവവൈവിധ്യ പരിപാലന സമിതികളിൽ (ബി.എം.സി.) 28 ബി.എം.സി.കൾക്ക് 2019-20 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 5 ലക്ഷം രൂപ വീതം 140 ലക്ഷം രൂപ അനുവദിക്കുകയും ബാക്കിവന്ന 12 ബി.എം.സി.കൾക്കുള്ള 60 ലക്ഷം രൂപ 2020-21-ലെ പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനാൽ അധികമായി ആവശ്യപ്പെട്ട 60 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ അനുവദിക്കേണ്ടതില്ല.

ശിപാർശ

(ii) അടിസ്ഥാന സൗകര്യ വികസനം / ഓപ്പറേഷണൽ ചാർജ്ജസ്

നീതിപൂർവ്വകമായ പങ്കുവയ്ക്കൽ (എ.ബി.എസ്.) നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ കമ്പനികൾക്ക് നോട്ടീസ് നൽകിയിരുന്നതിനെതിരെ മിക്ക കമ്പനികളും

<u>സ്വീകരിച്ച നടപടി</u>

മലബാർ ജൈവവൈവിധ്യ മ്യൂസിയത്തിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നതേയുള്ളൂ. അതിനായി 2019-20-ൽ 2 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അധികമായി ആവശ്യപ്പെട്ട 20,00,000 രൂപ (ഇരുപത് ലക്ഷം രൂപ) അനുവദിക്കേണ്ടതില്ല.

<u>ശിപാർശ</u>

(v) <u>വിഷയാടിസ്ഥാനത്തിലുള്ള ജൈവവൈവിധ്യ സംരക്ഷണ മേഖലകൾ</u>

ഈ ഇനത്തിന്റെ ഉപഘടകങ്ങളായ കൊല്ലം ജില്ലയിലെ ചടയമംഗലം കാവിന്റെയും കണ്ണൂർ ജില്ലയിലെ ഏഴോമിലെ കണ്ടൽ ഉദ്യാനത്തിന്റെയും പുനരുദ്ധാരണ പദ്ധതികൾക്കായി 2018-19 സാമ്പത്തികവർഷത്തിൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു എങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. ആയതിനാൽ ഈ ഇനത്തിൽ 11 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

കൊല്ലം ജില്ലയിലെ ചടയമംഗലം കാവിന്റെയും കണ്ണൂർ ജില്ലയിലെ ഏഴോമിലെ കണ്ടൽ ഉദ്യാനത്തിന്റെയും പുനരുദ്ധാരണ പദ്ധതികൾക്കായി 2019-20-ൽ 29 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനാൽ ഈയിനത്തിൽ അധികമായി ആവശ്യപ്പെട്ട 11,00,000 രൂപ (പതിനൊന്ന് ലക്ഷം രൂപ) അനുവദിക്കേണ്ടതില്ല.

<u>ശിപാർശ</u>

2018-19 സാമ്പത്തികവർഷത്തിൽ പ്ലാൻ വിഹിതത്തിന്റെ 4-ാം ഗഡു അനുവദിക്കുന്നതിനായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടതും, തുക അനുവദിച്ചിട്ടില്ലാത്തതും നിർവ്വഹണം പൂർത്തീകരിച്ചതിനാൽ തുക അനുവദിക്കാൻ വ്യവസ്ഥയുള്ളതുമായ താഴെപ്പറയുന്ന ഘടകങ്ങൾക്ക് 99.12 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(ഖണ്ഡിക 14)

| | |
|---|---|
| ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവ വൈവിധ്യ സ്ഥിതി വിവരങ്ങളുടെ വിശദീകരണവും | 20.89 ലക്ഷം രൂപ |
| അടിസ്ഥാന സൗകര്യ വികസനം / ഓപ്പറേഷണൽ ചാർജ്ജസ് | 11.00 ലക്ഷം രൂപ |
| കേരള സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സും എക്സിബിഷനുകളും | 42.62 ലക്ഷം രൂപ |

കോടതിയെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ ബോർഡിന് ഒരു അഡ്വക്കേറ്റിന്റെ സഹായം ആവശ്യമായിട്ടുണ്ടെന്നും അതോടൊപ്പം ഇതു സംബന്ധിച്ച മറ്റ് ആവശ്യങ്ങൾക്കുമായി ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

നീതിപൂർവ്വകമായ പങ്കുവയ്ക്കൽ (എ.ബി.എസ്.) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോർഡിന് ഒരു അഡ്വക്കേറ്റിന്റെ സഹായം ആവശ്യമാണ്. എന്നാൽ നിലവിൽ ഗവൺമെന്റ് പ്ലീഡറാണ് കേസുകൾ കൈകാര്യം ചെയ്യുന്നത്. അതിനാൽ ഈയിനത്തിൽ അധികമായി ആവശ്യപ്പെട്ട 10,00,000 രൂപ (പത്ത് ലക്ഷം രൂപ) അനുവദിക്കേണ്ടതില്ല.

ശിപാർശ

(iii) ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവവൈവിധ്യ സ്ഥിതി വിവരങ്ങളുടെ വിശദീകരണവും

നീതിപൂർവ്വകമായ പങ്കുവയ്ക്കലിന്റെ (എ.ബി.എസ്.) ഭാഗമായി കേരളത്തിലെ 14 ജില്ലകളിലെയും വിപണന മൂല്യമുള്ള ജൈവസമ്പത്തിനെക്കുറിച്ച് പഠനം നടത്തി അവയെ രേഖപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ഈ പദ്ധതി കേരള സർക്കാരിന്റെ Rebuild Kerala എന്ന പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഈയിനത്തിൽ ആവശ്യപ്പെട്ട 70,00,000 രൂപ (എഴുപത് ലക്ഷം രൂപ) അനുവദിക്കേണ്ടതില്ല.

ശിപാർശ

(iv) മലബാർ ജൈവവൈവിധ്യ മ്യൂസിയം & ഇൻകുബേഷൻ സെന്റർ

പൊതുജനങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ അവബോധം വളർത്തുന്നതിനായി കണ്ണൂർ ജില്ലയിൽ ഒരു ജൈവവൈവിധ്യ മ്യൂസിയം നിർമ്മിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്.



(ഖണ്ഡിക 12)

| | |
|---|---|
| സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രദർശനങ്ങൾ എന്നിവ മുഖേനയുള്ള അവബോധ പ്രവർത്തനങ്ങൾ | 10.00 ലക്ഷം രൂപ |
| സംസ്ഥാന ജൈവവൈവിധ്യ ഫണ്ട് | 14.61 ലക്ഷം രൂപ |

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷത്തിലെ നാലാം ഗഡു അനുവദിക്കുകയും എന്നാൽ ധനകാര്യ വകുപ്പിൽ നിന്ന് ക്ലിയറൻസ് ലഭിക്കാതിരുന്നതിനാൽ ടി തുക ലഭ്യമായിട്ടില്ല. ആയതിനാൽ 2018-19-ലെ തുക അനുവദിച്ചിട്ടില്ലാത്തതും നിർവ്വഹണം പൂർത്തീകരിച്ചതിനാൽ തുക അനുവദിക്കുവാൻ വ്യവസ്ഥയുള്ളതുമായ ഘടകങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 124.25 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ ഈയിനത്തിൽ ആവശ്യപ്പെട്ട 99,12,000 രൂപ അനുവദിക്കേണ്ടതില്ല.

ശിപാർശ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 3435-03-101-99 എന്ന ശീർഷകത്തിൽ 2.7012 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ 2019-20 സാമ്പത്തിക വർഷത്തിൽ ടി തുക അനുവദിക്കേണ്ടതില്ല.

## ധനാഭ്യർത്ഥന നമ്പർ XXXIV

### കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

ശിപാർശ

2406-02-110-59-36—സഹായധനം-ശമ്പളേതരം

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ വാട്ടർചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

2406-02-110-59-36 സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടപ്പോൾ നിലവിലുള്ള ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതിന് ശേഷം അധിക ഫണ്ടിനുള്ള ശിപാർശ അയയ്ക്കുവാൻ ആവശ്യപ്പെട്ടു.

<u>അദ്ധ്യായം 2</u>

റിപ്പോർട്ടിലെ ധനാഭ്യർത്ഥന നമ്പർ XXXIV-വനവുമായി ബന്ധപ്പെട്ട 1 മുതൽ 7 വരെയുള്ള ശിപാർശകളിന്മേലും, ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട 17 മുതൽ 30 വരെയുള്ള ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ല.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാസമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശകളിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്."

ആയതിനാൽ, 2019-2020 -ലെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം (അദ്ധ്യായം 2) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2020 ജൂലൈ 22.